ഉത്തരം

(എ) ഇല്ല

(ബി ആന്റ് സി) ഒക്കൽ ഏരിയ പെരുമ്പാവൂർ, കുവപ്പടി എന്നീ സെക്ഷന്റെ കീഴിലാണ് പെരുമ്പാവൂരിൽ 17595-ം കുവപ്പടിയിൽ 9756-ം ഉപഭോക്താക്കളാണുള്ളത് ഒക്കലിൽ ഇപ്പോൾ ഒരു സബ് എഞ്ചിനീയർ ആഫീസാണ് പ്രവർത്തിക്കുന്നത്. 20,000-ൽ കൂടുതൽ ഉപഭോക്താക്കളുള്ള സെക്ഷനുകൾ വിസ്തീർണ്ണം കൂടി കണക്കിലെടുത്ത് വിഭജിക്കാൻ ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു.

പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

28 [1116] ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വേങ്ങൂർ ഗ്രാമ പഞ്ചായത്തിൽ ക്രാരിയേലി, കണ്ണംപറമ്പ് പ്രദേശങ്ങൾ രൂക്ഷമായ വോൾട്ടേജ് ക്ഷാമം നേരിടുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത സ്ഥലങ്ങളിൽ വോൾട്ടേജ് ദൗർലഭ്യം പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ. ബി ആന്റ് സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ ക്രാരിയേലിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഒരു കിലോ മീറ്റർ 11 കെ. വി. ലൈൻ വലിച്ച് ഒരു 100 കെ. വി. എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് അനുമതി നൽകുകയും കണ്ണംപറമ്പ് പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 60 മീറ്റർ 11 കെ. വി. ലൈൻ വലിച്ച് ഒരു 100 കെ. വി. എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

33 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി

29 [1117] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മുള്ളൂർക്കര, ചേലക്കര കേന്ദ്രങ്ങളിൽ ഓരോ 33 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുവാൻ തീരുമാനിച്ചിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) · എങ്കിൽ ഇവയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സബ് സ്റ്റേഷനുകളുടെ നിർമ്മാമത്തിന് ആരെയാണ് കരാർ ഏൽപ്പിച്ചിരിക്കുന്നതെന്നും ഇതുവരെ എന്തു തുക ആയതിലേക്ക് ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ഡി) രൂക്ഷമായ വോൾട്ടേജ് ക്ഷാമവും വൈദ്യുതി വിതരണ പ്രതിസന്ധിയും നേരിടുന്ന ഈ പ്രദേശങ്ങളിൽ സബ് സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇവയുടെ സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) ഹൈദ്രാബാദിലെ മെസ്സേഴ്സ് ഐക്കോം ടെലി. ലിമിറ്റഡ് എന്ന കമ്പനിയെയാണ് കരാർ ഏൽപ്പിച്ചിരിക്കുന്നത് സ്ഥലമെടുപ്പു നടപടികൾ പൂർത്തിയാകാത്തതിനാൽ സബ് സ്റ്റേഷനുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ബോർഡ് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഡി) സ്ഥലമെടുപ്പു നടപടികൾ കഴിയുന്നതും വേഗത്തിൽ പൂർത്തീകരിച്ച് മാർച്ച് 2006-ന് മുമ്പായി സബ് സ്റ്റേഷൻ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തൃശ്ശൂർ ജില്ലയിൽ പുതിയതായി 33 കെ. വി. സബ് സ്റ്റേഷനുകളുടെ പ്രവർത്തനം

30 [1118] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ പുതിയായി ആരംഭിക്കുന്ന 33 കെ. വി. സബ് സ്റ്റേഷനുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ചിറയ്ക്കൽ 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം എതുവരെയായി എന്നും ഇതിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കും എന്നും വ്യക്തമാക്കാമോ ;

(സി) അന്തിക്കാട് 33 കെ. വി. സബ് സ്റ്റേഷന്റെ സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) പാലയ്ക്കൽ 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണത്തിന് സ്ഥലം എടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ഇ) കൂർക്കഞ്ചേരി മേഖലയിൽ പുതിയ 33 കെ. വി. സബ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly